**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6320** **10-07-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ പദ്ധതിയിലെ കരാറുകാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ പദ്ധതിയുടെ ഭാഗമായി എത്ര കരാറുകാരാണ് പ്രവർത്തിക്കുന്നത്; കുടിശിക ലഭിക്കാത്തതിനാൽ എത്ര കരാറുകാർ നിലവിൽ പ്രവർത്തനം നിർത്തിവച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (എ) | വാട്ടർ അതോറിറ്റിയുടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജിയണുകളുടെ കീഴിൽ യഥാക്രമം 452, 364, 515 കരാറുകാരാണ് ജല ജീവൻ പദ്ധതിയുടെ ഭാഗമായി പ്രവൃത്തിക്കുന്നത്.<br><br>തിരുവനന്തപുരം റീജിയണിന്റെ കീഴിൽ കുടിശ്ശിക ലഭിക്കാത്തതിനാൽ 10 പ്രവൃത്തികളിലായി 9 കരാറുകാർ നിലവിൽ പ്രവർത്തനം നിർത്തിവച്ചിട്ടുണ്ട്.<br><br>എറണാകുളം റീജിയണിന്റെ കീഴിൽ കുടിശ്ശിക ലഭിക്കാത്തതിനാൽ പ്രവൃത്തികൾ സുഗമമായി നടപ്പാക്കുന്നതിന് തടസ്സം നേരിടുന്നുണ്ടെന്ന് പല കരാറുകാരും അറിയിച്ചിട്ടുണ്ടെങ്കിലും ആരും തന്നെ പ്രവൃത്തികൾ നിറുത്തിവച്ചിട്ടില്ല.<br><br>കുടിശ്ശിക ലഭിക്കാത്തതിനാൽ കോഴിക്കോട് റീജിയണിന്റെ കീഴിൽ ഒരു കരാറുകാരൻ പ്രവൃത്തി നിർത്തിവച്ചിട്ടുണ്ട്.<br><br>KRWSA ൽ ജലജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട 76 കരാറുകാരാണ് പ്രവർത്തിക്കുന്നത്. അതിൽ 20 പേർ കുടിശ്ശിക ലഭിക്കാത്തതിനാൽ നിലവിൽ പ്രവർത്തനം നിർത്തിവച്ചിട്ടുണ്ട്.<br><br>ഭൂജലവകുപ്പ് തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോഴിക്കോട്, കണ്ണൂർ ജില്ലാ ഓഫീസുകളിൽ നിന്നാണ് ജലജീവൻ പദ്ധതി നടപ്പിലാക്കുന്നത്. കരാറുകാരുടെ എണ്ണം ഇടുക്കി-6, ആലപ്പുഴ-5, തിരുവനന്തപുരം-5. കുടിശ്ശിക ലഭിക്കാത്ത കാരണത്താൽ ഒരു കരാറുകാരും നിലവിൽ പ്രവർത്തനം നിർത്തിവച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ